# എ എം എൽ പി എസ്

# എടത്തറ

# സ്കൂൾതല

# അക്കാദമിക

# മാസ്റ്റർപ്ലാൻ

# ആമുഖം

എ.എം.എൽ.പി സ്കൂൾ എടത്തറ യുടെ 'സ്കൂൾ തല മാസ്റ്റർ പ്ലാൻ 2025-26' സമഗ്രമായ വിവരങ്ങൾ ഉൾക്കൊള്ളുന്നു. സ്കൂളിന്റെ കാഴ്ചപ്പാട്, അധ്യാപകർ, ലക്ഷ്യങ്ങൾ, വിവിധ അക്കാദമിക പാഠ്യേതര മേഖല-കളിലെ വിശദമായ പ്രവർത്തന പദ്ധതികൾ എന്നിവ ഈ രേഖയിൽ പ്രതിപാദിക്കുന്നു.

പൊതു വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും, കുട്ടികളുടെ ഭൗതികവും മാനസികവുമായ വളർച്ചയെ പരിപോഷിപ്പിക്കുന്നതിനും, എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും. വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റുന്നതിനും വേണ്ടിയാണ് ഈ മാസ്റ്റർ പ്ലാൻ രൂപകൽപന ചെയ്തിട്ടുള്ളത്. സജീവമായ പി.ടി.എ, എം.ടി.എ, അർപ്പണ ബോധമുള്ള അധ്യാപകർ, പിന്തുണ നൽകുന്ന രക്ഷിതാക്കൾ, പൊതുസമൂഹം എന്നിവയുടെ സജീവമായ സഹകരണത്തോടെയാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

# സ്കൂൾ വിവരങ്ങളും
# പശ്ചാത്തലവും

ആലിപ്പറമ്പ് പഞ്ചായത്തിൽ എടത്തറ എന്ന ഗ്രാമത്തിൽ ചെർപ്പുളശ്ശേരി പെരിന്തൽമണ്ണ റോഡിന് അഭിമുഖമായി നിൽക്കുന്ന ഈ കൊച്ചു വിദ്യാലയം 1901 ൽ സ്ഥാപിതമായതാണ്. ഒരു ഓത്തുപള്ളിയായി ആരംഭിച്ച ഈ വിദ്യാലയത്തിന്റെ സ്ഥാപകൻ ചോലപ്പറമ്പത്ത് മമ്മദ് മൊല്ല എന്ന മഹത്‌വ്യക്തിയാണ്. അദ്ദേഹത്തിന്റെ മകൻ കുഞ്ഞഹമ്മദ് മൊല്ലയാണ് ഇത് ഒരു വിദ്യാലയമാക്കി മാറ്റിയത്. പിന്നീട് 1946 ൽ ജൂലായ് മാസത്തിൽ പുല്ലംഗലത്ത് മാധവൻ നായർക്ക് ഈ വിദ്യാലയം കൈമാറി. അദ്ദേഹം ഈ വിദ്യാലയത്തിലെ അധ്യാപകനായിരുന്നു. അദ്ദേഹത്തിന്റെ കാലശേഷം മരുമകളായ രമാദേവി അമ്മയും ഇതിന്റെ മാനേജരായി പ്രവർത്തിച്ചിരുന്നു.

ആധുനികവും ഭൗതികവും അക്കാദമികവുമായി ഈ വിദ്യാലയത്തിന് നല്ലമാറ്റങ്ങൾ വരുത്തണമെന്ന നല്ല ഉദ്ദേശത്തോടുകൂടി എടത്തറ വി.എം. മുഹമ്മദ് മാസ്റ്ററിലേക്കും പിന്നീട് ഉമ്മർ മാസ്റ്ററിലേക്കും ഈ വിദ്യാലയം കൈമാറ്റം ചെയ്യപ്പെട്ടു. നിലവിലെ മാനേജരായ ഉമ്മർ മാസ്റ്ററുടെ കൈകളിൽ ഈ വിദ്യാലയം അതിന്റെ എല്ലാ നന്മകളോടും പ്രൗഢിയോടും കൂടി നിലകൊള്ളുന്നു. കൂടാതെ പൂർവ്വികരായ അധ്യാപകർ, നാട്ടുകാർ എന്നിവരുടെയെല്ലാം സ്തുത്യർഹമായ സേവനം ഈ വിദ്യാലയത്തിന്റെ നിലനില്പിന്നാധാരമായി നിലകൊള്ളുന്നു.

## പൊതുലക്ഷ്യങ്ങൾ

1. പൂർണ്ണമായും ശിശുകേന്ദ്രീകൃതമായ പ്രീപ്രൈമറി ക്ല
2. 1 മുതൽ 4 വരെ ക്ലാസുകളിൽ എല്ലാവിഷയങ്ങളിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും നേടിയെന്ന് ഉറപ്പുവരുത്തും.
3. ഭാഷാജ്ഞാനവും ഭാഷാവിനിമയ ശേഷിയും വർദ്ധിപ്പി
4. ലൈബ്രറി പരമാവധി പ്രയോജനപ്പെടുത്താനുള്ള സാഹചര്യമൊരുക്കും.
5. വായനാ സംസ്കാരം വളർത്തുന്നതിനായിയുള്ള പ്രവർത്തനങ്ങൾ ക്ലാസ് മുറികളിൽ നടപ്പിലാക്കും.
6. പരീക്ഷണ നിരീക്ഷണ നിഗമന രീതിയിലുള്ള ശാസ്ത്ര പഠനത്തിന് അവസരം നൽകും.
7. അധ്യാപകരെ ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ഉപയോഗിക്കാൻ ശാക്തീകരി അതുവഴി കുട്ടികൾക്ക് മെച്ചപ്പെട്ട പഠനാനുഭവങ്ങൾ ഉറപ്പാക്കും.
8. വിദ്യാർത്ഥി ശാക്തീകരണവും സാമൂഹിക വികസനവും ല മിട്ട്, അപകർഷതാബോധം ഒഴിവാക്കി 'ആക്ടീവായ് വി ർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനായി ആശയ പ്രകട ശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ രീതിയിൽ വിദ്യ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.
9. സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാ മെന്റ്, മലിന ജല നിർമ്മാർജ്ജനം എന്നിവ കർശനമായി നട മാലിന്യമുക്ത വിദ്യാലയ പദവി നേടുന്നതും, ഹരിതപെ മാറ്റച്ചട്ടം പാലിക്കുന്നതും ഉറപ്പാക്കും.
10. പാഠ്യേതര വിഷയങ്ങൾ പ്രോത്സാഹിപ്പിക്കും.
11. കലാ-കായിക പ്രവൃത്തി പരിചയ ക്ലാസ്സുകൾക്ക് പ്രാധാന്യം നൽകും.

# അടിസ്ഥാന വിവരങ്ങൾ

എ.എം.എൽ.പി സ്കൂൾ എടത്തറയുടെ പ്രധാന വിവരങ്ങൾ താഴെ കൊടുക്കുന്നു. പ്രീപ്രൈമറി മുതൽ നാലാം ക്ലാസ് വരെ മൂന്ന് ഡിവിഷനുകളിലായി പ്രവർത്തിച്ചു വരുന്നു- ഈ സ്കൂളിന്റെ അടിസ്ഥാന വിവരങ്ങളെക്കുറിച്ച് ഇത് ഒരു സംക്ഷിപ്ത രൂപരേഖ നൽകുന്നു.

| വിഭാഗം | വിവരങ്ങൾ |
|---|---|
| സ്കൂളിന്റെ പേര് | എ.എം.എൽ.പി സ്കൂൾ എടത്തറ |
| മേൽവിലാസം | എടത്തറ<br>ആനമങ്ങാട് (പി.ഒ)<br>മലപ്പുറം (DT) |
| സ്കൂൾ കോഡ് | 18711 |
| വിദ്യാഭ്യാസ ഉപജില്ല | പെരിന്തൽമണ്ണ |
| ബിആർസി | പെരിന്തൽമണ്ണ |
| സി.ആർ.സി | |
| ഗ്രാമപഞ്ചായത്ത് | ആലിപ്പറമ്പ് |
| ബ്ലോക്ക് പഞ്ചായത്ത് | |
| ജില്ലാ പഞ്ചായത്ത് | മലപ്പുറം |
| താലൂക്ക് | പെരിന്തൽമണ്ണ |
| വില്ലേജ് | ആനമങ്ങാട് |
| ഇ mail വിലാസം | |
| You Tube | |
| Instagrame. | |
| സ്കൂൾ വിക്കി. | |

# [illegible]നിർദ്ദിഷ്ട ലക്ഷ്യങ്ങൾ

## ഭാഷാവികാസം

ഭാഷാവികസനത്തിനുള്ള പൊതുലക്ഷ്യങ്ങൾ എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക എന്നതാണ്. മികച്ച വായനാശീലം വളർത്തുക എന്നത് ഒരു പ്രധാന ലക്ഷ്യമാണ്. ഭാഷാവികസനത്തിന് ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് ഊന്നൽ നൽകുന്നു.

## English

എല്ലാ കുട്ടികളെയും ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക എന്നതാണ് പ്രധാന ലക്ഷ്യം. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു ക്ലാസ് തല Reading Corner സ്ഥാപിക്കുന്നു. രക്ഷിതാക്കളുടെ സഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുന്നു.

## EVS

ശാസ്ത്രീയ താൽപര്യം വളർത്തുന്നതിലും ശാസ്ത്രീയ അവബോധവും മനോഭാവവും വികസിപ്പിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

## ഗണിതം

ഗണിത ശാസ്ത്ര ലക്ഷ്യങ്ങൾ അടിസ്ഥാന ഗണിത ക്രിയകളിൽ എല്ലാ കുട്ടികൾക്കും പ്രാവീണ്യം ഉറപ്പാക്കുന്നതിലും ഗണിതത്തെ യഥാർത്ഥ ജീവിതാനുഭവങ്ങളുമായി ബന്ധിപ്പിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. എല്ലാ കുട്ടികളും ഗണിത ശേഷികൾ നേടുന്നുവെന്ന് ഉറപ്പാക്കുന്നു.

# വിശദമായ പ്രവർത്തന പദ്ധതികൾ

## മലയാളം

* ക്ലാസ് ലൈബ്രറി
* സ്കൂൾ ലൈബ്രറി

എല്ലാ കുട്ടികളിലും വായിക്കുന്നതിന് പ്രത്യേക സ്ഥലം നൽകി നല്ല വായനാശീലം വളർത്തുന്നു.

* സർഗവേള

സംഗീതം, നൃത്തം, ചിത്രരചന തുടങ്ങിയ വിശാലമായ പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. കുട്ടികളിൽ സർഗാത്മകത വളർത്തുന്നു.

* പാട്ടരങ്ങ്

കുട്ടികൾക്ക് ഇഷ്ടമുള്ള പാട്ടുകൾ പഠിപ്പിക്കുകയും അവയുടെ അവതരണം ക്രമീകരിക്കുകയും, മികച്ച ഭാവ താളങ്ങളിൽ അവതരിപ്പിക്കുകയും ചെയ്യുന്നു.

* ഭാഷോത്സവം

ഭാഷാപ്രസംഗങ്ങൾ, കഥപറച്ചിൽ, കവിതാപാരായണം, കൊളാഷുകൾ, ഭാഷാ പോസ്റ്ററുകൾ എന്നിവയിൽ കുട്ടികളുടെ പങ്കാളിത്തത്തിലൂടെ ഇത് നേടുന്നു.

* രചനോത്സവം

പരിചിതമായ ചിത്രങ്ങളിൽ നിന്നും ആശയ ഗ്രഹണത്തോടെയും ഭാവനയോടെയും ചെറുകഥകൾ രചിക്കുന്നു.

* സംയുക്ത ഡയറി

ദിവസേന നടക്കുന്ന കാര്യങ്ങളിൽ കുട്ടികൾക്കിഷ്ടപ്പെട്ടതും പ്രധാനപ്പെട്ടതുമായ കാര്യങ്ങൾ ചിത്രസഹിതം ചെറു വാക്യങ്ങളിൽ രേഖപ്പെടുത്തുന്നു.

* റീഡേഴ്സ് തിയേറ്റർ

കഥാപാത്രങ്ങൾ, സംഭാഷണ ശൈലികൾ, ശബ്ദവ്യതിയാനങ്ങൾ എന്നിവ ഉപയോഗിച്ച് വായനയെ ഒരു പ്രകടനമായി അവതരിപ്പിക്കാൻ കുട്ടികളെ പരിശീലിപ്പിക്കുന്നു.

# ഗണിതം

* ഗണിത ലാബ് (ഗണിതം മധുരം).
ഗണിത ആശയങ്ങളുമായി സ്വതന്ത്രമായി ഇടപഴകാൻ ഒരു പ്രത്യേക ഇടം നൽകുന്നു.

* ഗണിതമൂല
മഞ്ചാടി, കളിനോട്ടുകൾ, വിവിധ കാർഡുകൾ, രൂപങ്ങൾ തുടങ്ങിയ വിഭവങ്ങളോടെ എല്ലാ ക്ലാസ്സുകളിലും ഗണിത മൂല സജ്ജീകരിക്കുന്നു.

* ശൂന്യത് വിലയിരുത്തൽ.
വിലയിരുത്തലും പരിഹാരവും പ്രധാനമാണ്. ആശയ പരമായ ധാരണ ഉറപ്പാക്കുകയും ഓരോ യൂണിറ്റിന്റെയും അവസാനം പരിഹാര പഠനം ഉൾപ്പെടുത്തുകയും ചെയ്യുന്നു.

* അറിഞ്ഞു വളരാം
ഗണിത ക്വിസ് നടത്തുന്നു, ഗണിത പതിപ്പ് തയ്യാറാക്കുന്നു, പഠനോപകരണങ്ങൾ നിർമിക്കൽ, ഗണിതമേള തുടങ്ങിയവ സംഘടിപ്പിക്കുന്നു.

# പരിസര പഠനം

* ശാസ്ത്രമൂല

ഓരോ ക്ലാസിനും അനുയോജ്യമായ ശാസ്ത്രമൂലയിലേക്കാവശ്യമായ സാമഗ്രികൾ ശേഖരിച്ച് ശാസ്ത്രമൂല സജ്ജീകരിക്കുന്നു.

* ലഘുപരീക്ഷണങ്ങൾ

ക്ലാസ് തല പ്രദർശനം. പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന് ഊന്നൽ നൽകുന്നു. ഇത് ശാസ്ത്രീയ അവബോധവും മനോഭാവവും വളർത്താൻ ലക്ഷ്യമിടുന്നു. രേഖപ്പെടുത്തലിന്റെ പ്രാധാന്യം എടുത്തുകാണിക്കുന്നു. പരീക്ഷണ കുറിപ്പുകൾ തയ്യാറാക്കുന്നു.

* ചാർട്ടുകൾ തയ്യാറാക്കൽ, പതിപ്പുകൾ പ്രദർശനം.

ക്ലാസ്തലത്തിൽ നടന്ന പ്രവർത്തനവുമായി ബന്ധപ്പെട്ടവ.

* ജലസംരക്ഷണ ബോധവൽക്കരണം.

ചാർട്ടുകൾ, മാതൃകകൾ, പോസ്റ്ററുകൾ, ചിത്രങ്ങൾ തുടങ്ങിയ വയുടെ പ്രദർശനം.

## English

* English അസംബ്ലി
  ആഴ്ചയിൽ ഒരുദിവസം ഇംഗ്ലീഷ് അസംബ്ലി നടത്തുന്നു.
* English Reading corner
  വായനയിലൂടെ എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് പ്രാവീണ്യം ഉറപ്പാക്കുന്നു.
* English Interactions
  ദിവസേന ഇംഗ്ലീഷിൽ interactive questions ചോദിക്കുന്നു. ഇംഗ്ലീഷിൽ ഉത്തരം പറയാൻ അവസരം നൽകുന്നു

## ICT

* Smart Teacher
  പാഠഭാഗവുമായി ബന്ധപ്പെട്ട ICT സാധ്യതകൾ ശേഖരിക്കുന്നതിലും പരിചയപ്പെടുത്തുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു
  IT അധിഷ്ഠിത പഠനപ്രവർത്തനങ്ങൾ തയ്യാറാക്കുന്നു.

## പ്രവൃത്തി പരിചയം

* പ്രവൃത്തി പരിചയ ശിൽപശാല നടത്തുന്നു.
* പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നു.

## കലാ കായികം

* സർഗവേദി
* പി.ടി പിരിയഡുകളിൽ ശാരീരിക വ്യായാമങ്ങൾ നടത്തുന്നു.

## അറബിക്